## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 619** **19-03-2013 ലെ മറുപടിയ്ക്ക്**

## കാരുണ്യാ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) | കാരുണ്യാ പദ്ധതിയിലൂടെ ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പുതുക്കിയ മാനദണ്ഡം വ്യക്തമാക്കാമോ; നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) | കാൻസർ, ഹൃദ്രോഗം, വൃക്കരോഗം,തലച്ചോർ, കരൾ സർജറി, ഹീമോഫീലിയ, പാലീയേറ്റീവ് കെയർ എന്നീ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാ സഹായം അനുവദിക്കുന്നതാണ്. മൂന്ന് ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള ഒരു കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്. ചികിത്സ ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ രേഖകൾ സഹിതം അതാതു ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ അപേക്ഷ നൽകിയിരിക്കണം. എന്നാൽ സർക്കാർ ആശുപത്രികളിൽ അടിയന്തിര ശസ്ത്രക്രിയക്ക് വിധേയരാകുന്ന രോഗികൾക്ക് അടിയന്തിര ശസ്ത്രക്രിയ ആവശ്യമായിരുന്നുവെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം ശസ്ത്രക്രിയ കഴിഞ്ഞ് 24 മണിക്കൂറിനുള്ളിലും പരിഗണിക്കുന്നതാണ്. |
| (ബി) | പരമാവധി എത്ര രൂപയാണ് പ്രസ്തുത പദ്ധതി വഴി ധനസഹായം നൽകുന്നത്; | (ബി) | ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് എല്ലാവർക്കും കൂടി പരമാവധി രണ്ടു ലക്ഷം രൂപ ചികിത്സാ സഹായം ലഭിക്കുന്നതാണ്. |
| (സി) | കാരുണ്യ പദ്ധതിയിൽ എല്ലാ സ്വകാര്യ ആശുപത്രികളേയും ഉൾപ്പെടുത്തിയിട്ടുണ്ടോ ; | (സി) | സർക്കാർ ചികിത്സാ പാക്കേജ് അംഗീകരിച്ച 48 സ്വകാര്യ ആശുപത്രികളെ മാത്രമാണ് ഈ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളത്. |

(ഡി) കോട്ടയം ജില്ലയിൽ ഏതൊക്കെ ആശുപത്രികളിൽ ചികിത്സിച്ചാലാണ് പ്രസ്തുത

ധനസഹായം കിട്ടുന്നത്; കൂടാതെ എറണാകുളം ജില്ലയിൽ പദ്ധതിയിൽ ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് കൂടി വ്യക്തമാക്കാമോ ?

(ഡി) കോട്ടയം ജില്ലയിൽ താഴെ പറയുന്ന ആശുപത്രികൾ ഈ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

1. സെന്റ്തോമസ് ഹോസ്പിറ്റൽ, ചെത്തിപ്പുഴ.
2. ഭാരത് ഹോസ്പിറ്റൽ, കോട്ടയം.
3. കാരിത്താസ് ഹോസ്പിറ്റൽ, കോട്ടയം.

<u>എറണാകുളം ജില്ലയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളവ</u>

1. ലിറ്റിൽഫ്ളവർ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, അങ്കമാലി.
2. പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരട്, കൊച്ചി
3. ലിസി ഹോസ്പിറ്റൽ, എറണാകുളം
4. കിംസ് ഹോസ്പിറ്റൽ, കൊച്ചി.

സെക്ഷൻ ഓഫീസർ.